# ഇളനീർപന്തലുകൾ ഇൻഫോപാർക്കിലേക്കും

**കൊച്ചി:** കൊച്ചിയിലെ ഇൻഫോപാർക്കിലും തിരുവനന്തപുരത്തെ ടെക്നോപാർക്കിലും നാളികേര വികസന ബോർഡിൻെറ നേതൃത്വത്തിൽ ഇളനീർപ്പന്തലുകാം വരുന്നു. നാളികേര ഉത്പാദക സംഘങ്ങാം വഴിയാണ് ഇളനീർ ഐ.ടി മേഖലയിൽ എത്തുന്നത്. ഈ വർഷം അവസാനത്തോടെ രാജ്യമൊട്ടാകെ 5000 ഇളനീർപന്തലുകാം ആരംഭിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.ബോർഡിൻെറ സഹായത്തോടെ രൂപവത്കരിച്ച നാളികേര ഉത്പാദക സംഘങ്ങാം വഴിയാണിത് തുടങ്ങുന്നത്.

പാലക്കാട് ജില്ലയിലെ മുതലമടയിൽ രൂപവത്കരിച്ച പപ്പൻചള്ള നാളികേര ഉത്പാദക സംഘമാണ് ഇൻഫോപാർക്കിൽ ഇളനീരുമായെത്തുന്നത്. ബുധനാഴ്ച 10ന് കേന്ദ്ര കൃഷിമന്ത്രാലയത്തിലെ അഡീഷണൽ കമ്മീഷണർ (ഹോർട്ടികാംച്ചർ) ഓംപ്രകാശ് ഇളനീർ പന്തൽ ഉദ്ഘാടനം ചെയ്യും.

ഇൻഫോപാർക്ക് മാനേജ്മെൻറിൻെറയും നാളികേര വികസന ബോർഡിൻെറയും താൽപര്യത്തോടെ ഇളനീർപന്തലിൻെറ ആശയം ഉടലെടുത്തപ്പോാം ഇളനീർ ലഭ്യമാക്കുന്നതിനും ഇളനീർപ്പന്തൽ നടത്തുന്നതിനും പാലക്കാട്ടെ കേര കർഷകരും രംഗത്തെത്തി. ഇൻഫോ പാർക്ക് കാമ്പസിനുള്ളിൽ ഈ സംവിധാനം ആരംഭിക്കുമ്പോാം തോട്ടത്തിലെ പുതുമയോടെ മികച്ച ഗുണമേന്മയുള്ള ഇളനീർ ന്യായവിലക്ക് ലഭ്യമാകും. തുടക്കത്തിൽ പ്രതിദിനം 1000 ഇളനീർ വിപണനം ലക്ഷ്യമിടുന്നു. ക്രമേണ ഇത് 2000 മുതൽ 5000 വരെ ആയി വർദ്ധിപ്പിക്കും.

ഇൻഫോ പാർക്കിൻെറ തുടർച്ചയായി തിരുവനന്തപുരത്ത് ടെക്നോപാർക്കിലും നാളികേരോത്പാദക സംഘങ്ങളുടെ പങ്കാളിത്തത്തോടെ ഇളനീർ പന്തൽ തുടങ്ങും. 2012 അവസാനത്തോടെ കേരളത്തിൽ 1000 ഇളനീർ പന്തൽ ആരംഭിക്കും. കശ്മീർ മുതൽ കന്യാകുമാരി വരെയും കുച്ച് മുതൽ അരുണാചൽ വരേയും നാളികേരോത്പാദക സംഘങ്ങാം പ്രധാന വീഥികാം, പട്ടണങ്ങാം, പ്രധാന സ്ഥാപനങ്ങാം, ആസ്പത്രികാം, ടൂറിസ്റ്റ് കേന്ദ്രങ്ങാം എന്നിവിടങ്ങളിൽ ഇളനീർ പാർലറുകാം തുടങ്ങും. ഉത്പാദനത്തിൻെറ 25% ഇളനീരായി വിളവെടുക്കുന്നത് തെങ്ങിൻെറ ഉത്പാദനം വർദ്ധിപ്പിക്കും. ഇളനീരിൻെറ വിളവെടുപ്പിലൂടെ തേങ്ങയുടെ ഉത്പാദനത്തിൽ കുറവുണ്ടാകുമെന്നും അതുവഴി മികച്ച വില ലഭിക്കുമെന്നുമാണ് നാളികേര വികസന ബോർഡിൻെറ കണക്കുകൂട്ടൽ. പായ്ക്ക് ചെയ്ത ഇളനീർ, ഇളനീരിൽ നിന്ന് മൂല്യവർദ്ധിത ഉത്പന്നങ്ങാം നിർമ്മിക്കുന്ന യൂണിറ്റുകാം എന്നിവക്ക് ബോർഡിൽ നിന്ന് 25 ശതമാനം സബ്സിഡി നൽകും. കൂടുതൽ വിവരങ്ങാംക്ക് ഫോൺ: 9495675679, 944621460, 9447272547. വെബ്സൈറ്റ് www.coconutboard.nic.in